(ബി) ഏതൊക്കെ സർവ്വകലാശാലകളിലാണ് യൂണിയൻ തെരഞ്ഞെടുപ്പുകൾ പൂർത്തിയായിട്ടുള്ളത്, ഏതൊക്കെ സർവ്വകലാശാലകളിലാണ് യൂണിയൻ തെരഞ്ഞെടുപ്പുകൾ പൂർത്തിയാക്കാനുള്ളത്;

(സി) യൂണിവേഴ്സിറ്റി യൂണിയൻ തെരഞ്ഞെടുപ്പുകൾ സംബന്ധിച്ച് നിയമ നിർമ്മാണം നടത്താൻ സർക്കാർ തയ്യാറാകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) സംസ്ഥാനത്തെ കലാലയങ്ങളിലെ തെരഞ്ഞെടുപ്പുകൾ സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വ്യക്തമായ ചില മാനദണ്ഡങ്ങൾ നിർണ്ണയിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ തെരഞ്ഞെടുപ്പുകൾ നടത്താൻ കഴിയുകയുള്ളൂ.

(ബി) കാലിക്കറ്റ്, കണ്ണൂർ, കൊച്ചിൻ എന്നീ സർവ്വകലാശാലകളിൽ തെരഞ്ഞെടുപ്പ് പൂർത്തിയായിട്ടുണ്ട്. മഹാത്മാഗാന്ധി, കേരള സർവ്വകലാശാലകളിൽ യൂണിയൻ തെരഞ്ഞെടുപ്പ് പൂർത്തിയായിട്ടില്ല. ശ്രീശങ്കരാ യൂണിവേഴ്സിറ്റിയിൽ യൂണിയൻ തെരഞ്ഞെടുപ്പിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) കലാലയ രാഷ്ട്രീയം സംബന്ധിച്ച് സർക്കാർ നിയന്ത്രണത്തിലുള്ള കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബാധകമായ നിയന്ത്രണങ്ങളും ചട്ടങ്ങളും ഉണ്ടാക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി സംസ്ഥാന സർക്കാരിനും സർവ്വകലാശാലകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ യൂണിവേഴ്സിറ്റികൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

പൊതുനിരത്തുകൾ വെട്ടിക്കുഴിക്കുന്നത് ഒഴിവാക്കാൻ സംവിധാനം

16 [*265] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുനിരത്തുകൾ അടിക്കടി വെട്ടിക്കുഴിക്കുന്നത് ഒഴിവാക്കാനായി മരാമത്ത് വകുപ്പ്, വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ്, ടെലിഫോൺ വകുപ്പ്, വിവിധ കേബിൾ കമ്പനികൾ എന്നിവയെ ഉൾപ്പെടുത്തിക്കൊണ്ട് പ്രാദേശിക തലത്തിൽ എന്തെങ്കിലും കോ-ഓർഡിനേഷൻ സംവിധാനം നിലവിൽ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അത്തരം സംവിധാനത്തിന് രൂപം കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) & (ബി) റോഡുകൾ വെട്ടിക്കുഴിക്കുന്നത് ഒഴിവാക്കാനായി മരാമത്ത് വകുപ്പ്, വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ്, ബി.എസ്.എൻ.എൽ. എന്നിവയെ ഉൾപ്പെടുത്തി കൊണ്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കോ-ഓർഡിനേഷൻ സംവിധാനം നിലവിലുണ്ട്.

2/2313/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly